(ഡി) സബ്സിഡിയിനത്തിൽ കുടുംബശ്രീയിൽ നിന്നും 24 കോടി രൂപ നല്കേണ്ടി വരും.

(ഇ) അയൽക്കൂട്ടങ്ങൾ ഗ്രേഡിംഗ് നടത്തുന്നതിനും വായ്പകൾ റീ-ഷെഡ്യൂൾ ചെയ്യുന്നതിനുമായി പലിശ സബ്സിഡി സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കിംഗ് സാക്ഷരതാ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ബാങ്കിംഗ് റിസോഴ്സ് പേഴ്സൺമാരെ സജ്ജമാക്കിക്കൊണ്ട് ബാങ്കേഴ്സ് മീറ്റിംഗുകൾ, സി.ഡി.എസ്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തൽ, സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് പരിശീലനം നല്കൽ, വിവരശേഖരണം (എം.ഐ.എസ്.) എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കുടുംബശ്രീ യൂണിറ്റ് വഴി പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം

136 (6054) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ യൂണിറ്റുവഴി പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 9-2-2010 ലെ ജി.ഒ.(പി) നം.61/2010/ഫിൻ. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പുതുതായി ഒഴിവു വരുന്നതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ തസ്തികകളിലേക്ക് മാത്രമേ കുടുംബശ്രീ യൂണിറ്റുവഴി താൽക്കാലിക നിയമനം നടത്താൻ പാടുള്ളൂ എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) ഇതിനു വിരുദ്ധമായി വർഷങ്ങളായി ദിവസവേതന അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരെ പിരിച്ചുവിട്ട് ആ തസ്തികകളിൽ കുടുംബശ്രീ അംഗങ്ങളെ നിയമിക്കാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉത്തരവ് നിലവിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ ഇത്തരത്തിൽ എത്ര ദിവസവേതനക്കാരായ കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിട്ട് കുടുംബശ്രീ യൂണിറ്റിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(ഇ) ഇപ്രകാരം പിരിച്ചുവിട്ടവരെ തിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി-ഇ) 9-2-2010 ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 5-ൽ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്ന വകുപ്പധികാരികൾ കുടുംബശ്രീയുമായി ഒരു കരാറിലേർപ്പെടണമെന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരുടെ ശമ്പളം കുടുംബശ്രീ മുഖാന്തിരം മാത്രമേ നൽകുവാൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു നിയമന അധികാരിയും കുടുംബശ്രീയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി അറിവില്ല.

അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

137 (6055) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (അഹാഡ്സ്) യുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും 2010 മാർച്ച് 31 വരെ എത്ര തുക ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി, പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഏതൊക്കെ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്നും ഉണ്ടായ നേട്ടങ്ങളെന്തെന്നും വിശദമാക്കുമോ ;

(ഇ) ബാക്കിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ആദിവാസികൾക്ക് സ്ഥിരവരുമാനം ലഭിക്കുന്ന ഏതെല്ലാം പ്രോജക്ടുകളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ; ഇതുമൂലം ആദിവാസികൾക്കുണ്ടായ നേട്ടം വിശദീകരിക്കുമോ ;

(ജി) അട്ടപ്പാടിയിൽ ഇതേവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് വിലയിരുത്തൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) അട്ടപ്പാടിക്ക് ശേഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വയനാട്ടിലെ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly